ചെയ്യപ്പെട്ടാൽ നിർമ്മാതാവിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും Dissolution, Disintegration എന്നീ minor വീഴ്ചകൾക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും, ക്യാൻസൽ ചെയ്യുന്നതിനും, പ്രസ്തുത മരുന്നുകളുടെ വിൽപ്പന തടയുന്നതിനും, അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരോട് ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ എസ്.എം.എസ്. സംവിധാനം വഴി ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ടുചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ കേരളത്തിലെ ആരോഗ്യമേഖലയിലുള്ളവരെ (ഫാർമസിസ്റ്റുകൾ, ഡോക്ടർമാർ, നഴ്സുമാർ) അറിയിക്കാറുണ്ട്. ഇപ്രകാരം വളരെ ഫലപ്രദമായ ഒരു സംവിധാനമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

വ്യാജ പരസ്യങ്ങൾ വഴിയുള്ള ഔഷധ, ഭക്ഷണവസ്തുക്കളുടെ വിൽപ്പന തടയൽ

129 (2684) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമായ അവകാശവാദങ്ങൾ ഉന്നയിച്ചും അന്ധ വിശ്വാസങ്ങളെ മുതലെടുത്തും വ്യാജപരസ്യങ്ങൾ നൽകി ഔഷധങ്ങളും ആഹാരവസ്തുക്കളും വൻവിലയിൽ വിപണനം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം വ്യാജപരസ്യങ്ങൾ നൽകുന്നതിൽ നിന്ന് ഉല്പാദകരേയും മാധ്യമങ്ങളേയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത് 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) നിയമപ്രകാരമാണ്. പ്രസ്തുത നിയമപ്രകാരം ഔഷധങ്ങൾ താഴെപ്പറയുന്ന രോഗങ്ങളിൽ നിന്ന് മുക്തി നൽകും എന്ന് ഒരു ഉൽപ്പാദകരും പരസ്യം ചെയ്യാൻ പാടില്ല :

i. The procurement of miscarriage of women or prevention of conception in women; or

LIBRARY ARCHIVES Kerala Legislative Assembly

ii. The maintenance of improvement of the capacity of human beings for sexual pleasure; or

iii. The correction of menstrual disorder in women

iv. The diagnosis, cure mitigation, treatment or prevention of any disease, disorder or condition specified in the schedule.

ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന്റെ ലംഘനത്തിന് സംസ്ഥാനത്ത് 113 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ നിയമത്തിന്റെ ലംഘനത്തിന് വകുപ്പ് കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇപ്രകാരം പരസ്യങ്ങൾ നൽകി മരുന്നുകൾ വിറ്റഴിക്കുന്നതിൽ നിന്ന് ഒരു പരിധി വരെ ഉൽപ്പാദകരെ തടയാൻ വകുപ്പിന് സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ തീരുമാനത്തിന് വിധേയമായി ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്താവുന്നതാണ്.

ജീവൻരക്ഷാ മരുന്നുകളുടെ വിലക്കയറ്റം

130 (2685) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമായ ഔഷധനയം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; മരുന്ന് വിപണിയിൽ ക്രിയാത്മകമായി ഇടപെടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ മേഖലയിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ ഗുണനിലവാരമുള്ള ജീവൻ രക്ഷാ മരുന്നുകൾ മിതമായ നിരക്കിൽ രാജ്യമെമ്പാടും സുലഭമായി ലഭിക്കുന്നതിനുവേണ്ടിയും ഔഷധ രംഗത്ത് റിസർച്ച് ആന്റ് ഡെവലപ്മെന്റിന് അനുകൂല സാഹചര്യം ഉണ്ടാക്കുക, ഗാർഹിക മായി തന്നെ എല്ലാ മരുന്നുകളും ഉൽപാദിപ്പിക്കുക എന്നിവ അടിസ്ഥാനമാക്കി വളരെ വ്യക്തവും സുദീർഘവുമായ ഒരു ഔഷധ നയം രാജ്യത്ത് നിലവിലുണ്ട്.

(ബി) സർക്കാർ മേഖലയിൽ, പരമാവധി വിലയെക്കാളും കുറച്ച് പൊതുജനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, കാരുണ്യ ഫാർമസി, മാവേലി മെഡിക്കൽസ് എന്നിവ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly